**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1961** **03-03-2025 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. ക്ക് എതിരായ സുപ്രീം കോടതി വിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ജില്ലകളിലെ മുനിസിപ്പൽ കോമൺ സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് പട്ടിക വിപുലീകരിക്കുവാനുള്ള സർക്കാർ നിർദ്ദേശം തള്ളിയ പി.എസ്.സി. യുടെ നടപടിക്കെതിരെ നൽകിയ ഹർജിയിൽ പി.എസ്.സി. ക്കെതിരെ സുപ്രീംകോടതി രൂക്ഷ വിമർശനം നടത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള മുൻസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ, വിവിധ ജില്ലകളിലേക്കുള്ള നിയമനം നടത്തുന്നതിലേക്ക് 26/12/2014 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം ഒമ്പത് ജില്ലകളിലേക്കും (കാറ്റഗറി നം. 571/2014) 29/05/2015 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം അഞ്ച് ജില്ലകളിലേക്കും (കാറ്റഗറി നം.137/2015) അപേക്ഷകൾ ക്ഷണിച്ചിരുന്നു. വിജ്ഞാപനവുമായി ബന്ധപ്പെട്ട നിരവധി വ്യവഹാരങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ റാങ്ക് പട്ടികകൾ വൈകിയാണ് പ്രസിദ്ധീകരിച്ചത്. റാങ്ക് പട്ടിക വിപുലീകരിക്കാനാവില്ല എന്ന കമ്മീഷൻ തീരുമാനത്തിനെതിരായി ഹർജികൾ ബഹു. KAT മുൻപാകെ സമർപ്പിച്ചെങ്കിലും ടി ഹർജികൾ ഡിസ്മിസ്സ് ചെയ്യുകയാണ് ഉണ്ടായത്. ഉദ്യോഗാർത്ഥികൾ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചെങ്കിലും [OP(KAT) Nos, 298/2023 & 311/2023] ബഹു. ഹൈക്കോടതിയും ഉദ്യോഗാർത്ഥികളുടെ അഭ്യർത്ഥന നിരസിച്ചു. ഈ സാഹചര്യത്തിലാണ് ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ ഉദ്യോഗാർത്ഥികൾ ബഹു സുപ്രീം കോടതിയിൽ SLP(C) Nos 10155-10156/2024 ഫയൽ ചെയ്തത്. ഇതിന്മേൽ 19/12/2024 ലെ വിധിന്യായപ്രകാരം ബഹു സുപ്രീം കോടതി, ബഹു ഹൈക്കോടതിയുടെ ഉത്തരവ് റദ്ദാക്കുകയും റാങ്ക് പട്ടികകൾ വിപുലീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷനോട് നിർദ്ദേശിക്കുകയും ചെയ്തു. ടി വിധിന്യായത്തിൽ കമ്മീഷനെതിരെ ബഹു സുപ്രീം കോടതി രൂക്ഷവിമർശനം നടത്തിയിട്ടില്ല. ഈ കേസിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്തില്ലെന്നു സൂചിപ്പിച്ചുകൊണ്ടാണ് ബഹു ഹൈക്കോടതി വിധി തള്ളിക്കളഞ്ഞുകൊണ്ടു ബഹു | 

| | | | |
|---|---|---|---|
| | | | സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചത്. ബഹു. സുപ്രീം കോടതിയുടെ 19/12/2024 തീയതിയിലെ വിധി recall ചെയ്യുന്നതിനായി കമ്മീഷൻ സമർപ്പിച്ച MA No 172-173/2025, 27/01/2025 തീയതിയിലെ വിധി ന്യായപ്രകാരം ബഹു. സുപ്രീം കോടതി Dismiss ചെയ്തു. |
| (ബി) | 2020-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും സുപ്രീം കോടതി ഉത്തരവ് ബാധകമായിരിക്കെ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും സമയബന്ധിതമായി നിയമനം ലഭ്യമാക്കുവാൻ പി.എസ്.സി. നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | ബഹു. സുപ്രീം കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികകൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ